# വടക്കുംനാഥ സ്തോത്രം

അമ്പിളിത്തെല്ലും പിച്ചകമാലയും
തുമ്പമാലയും ചാർത്തിവിളങ്ങുന്ന
അമ്പിൽ നല്ല തിരുമുടി കാണണം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ബാലചന്ദ്രനോടൊത്തു വിളങ്ങുന്ന
ഫാലദേശേ വിളങ്ങും നയനവും
ലീലയോലുന്ന ചില്ലീയുഗളവും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ലീലകൊണ്ടു ജഗത്തിനെ സൃഷ്ടിച്ചു
പാലനം ചെയ്തു സംഹരിച്ചീടുന്ന
നീലപത്മസമാന നയനങ്ങൾ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ചാരുതൈല സുമസമനാസയും
പാരം മിന്നുന്ന ബന്ധവസനവും
നേരെ കാണണം ദന്താവലികളും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

പന്നഗപതി കുണ്ഢലഭങ്ങിയും
മിന്നും ഗണ്ഢയുഗളം മുഖാംബുജവും
മുന്നിലാമ്മാറുകാണായ്‌വരേണമേ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

കണ്ഠശോഭയും കാളകൂടാഭയും
കണ്ടാൽ കൗതുകമേറും തിരുമാറും
കണ്ടാവൂ നീലകണ്ഠ ദയാനിധേ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

എപ്പോഴും തിരുമാറിലണിയുന്ന
സർപ്പമാലകൾ പൊന്മണിമാലകൾ
പുഷ്പമാലകൾ കാണായ് വരേണമേ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

മാനും വെണ്മഴുവുമഭയം പരം
മാനമെന്യേ വിളങ്ങും തൃക്കൈകളും
മാനസതാരിലെപ്പോഴും തോന്നണം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

വിശ്വമെല്ലാം പ്രളയേ ലയിക്കുന്ന
വിശ്വയോനേ നിൻ നല്ലോരുദരവും
നിശ്പലം മമ മാനസേ തോന്നണം

തൃശ്ശിവപേരൂർ വാഴും ശിവശംഭോ

നാഗചർമ്മലസിത കടിതടം
നാഗകാഞ്ചീഗുണാഞ്ചിതശോഭയും
നാഗരാജകരൻഭം തുട രണ്ടും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

കാന്തികോലൊന്ന ജാനുയുഗളവും
കാമബാണാധിക്കൊത്ത കണങ്കാലും
ചന്തമേറും പുറവടി നൂപുരം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

പാദപങ്കജയുഗ്മസുഷമയും
പാരം ശോഭ കലരും വിരലുകൾ
ആദരവോടു നിത്യം വണങ്ങുന്നേൻ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ഭസ്മഭൂഷിതമായ തിരുമേനി
ഭക്തിയോടെ വണങ്ങിസ്തുതിക്കുന്നേൻ
അസ്മദാദി മനസ്സിൽ വിളങ്ങ്ണം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ഈശ്വരാ നിൻ മടിയിൽ മരുവുന്ന
വിശ്വമോഹനസുന്ദരഗാത്രിയാം
ഈശ്വരിതൻ കടാക്ഷമുണ്ടാകേണം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ഒറ്റക്കൊമ്പനും താരകവൈരിയും
അറ്റമില്ലാത്ത ഭൂതഗണങ്ങളും
ചുറ്റും നിന്നു സ്തുതിപ്പതും കാണണം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

താരിൽ മാനിനി കാന്തൻ മുകുന്തനും
സാരസാസനൻ താനും സുരന്മാരും
നാരദാദി മുനികൾ സേവിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

സിദ്ധചാരണ ഗന്ധർവ്വഗുഹ്യകു –
സിദ്ധവിദ്യാധരാപ്സരോവൃന്ദവും
ബദ്ധമോദം വണങ്ങി സ്തുതിപ്പതു
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

യക്ഷരാക്ഷസപന്നഗകിന്നര –
രുക്ഷപൈശാചദൈത്യാദിവീരരും
അക്ഷിണാനന്ദം വാഴ്ത്തിസ്തുതിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

ഭൂസുരന്മാർ ചുഴലേയിരുന്നുടൻ

ഭാസുരമായ വേദഗണം കൊണ്ടും
വാസരംതോറും വാഴ്ത്തി സ്തുതിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

വെള്ളിമാമലപോലെ വിളങ്ങുന്ന
വെള്ളക്കാളതന്നത്ഭുതകാന്തിയും
ഉള്ളിൽ കാണായ് വരേണം കൃപാനിധേ
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

തൃക്കഴൽ കൂപ്പി വന്ദിക്കും ഞങ്ങളെ
നൽകാരുണ്യം കലർന്നു ദയാംബുധേ
തൃക്കൺപാർത്തരുളേണമേ സന്തതം
തൃശ്ശിവപേരൂർ വാഴും ശിവശംഭോ

**www.shaivam.org**